ശ്രീ. ബേബിജോൺ: അനുസംബന്ധിച്ച വിശദാംശങ്ങൾ ചോദ്യോത്തരവേളയിൽ പറയാൻ ബുദ്ധിമുട്ടാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: തൊണ്ടിന്റെ നിയന്ത്രണം വന്ന സമയത്ത് ആ നിയന്ത്രണത്തെ മറികടക്കാൻവേണ്ടി നാളികേരം കയററിക്കൊണ്ടുപോയി അവിടെവച്ച് പൊതിച്ച് തൊണ്ട് അവിടെ വിൽക്കുകയും നാളികേരം ഇങ്ങോട്ടുകൊണ്ടു വരുകയും ചെയ്ത എർപ്പാടിനെപ്പററി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? വൈക്കത്തെ കാര്യം മന്ത്രിക്ക് നല്ലതുപോലെ അറിയാവുന്നതാണ്. ഇത് തടയാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. ബേബിജോൺ: ഇത് തടയാൻ ഇപ്പോഴം നിയമമില്ലെന്നാണ് മനസ്സിലാക്കിയിരിക്കുന്നത്.

ശ്രീ. എ. എ. റഹീം: സഹകരണസംഘങ്ങൾക്ക് ലഭിക്കുന്ന തൊണ്ട് ഗ്രാമപ്രദേശങ്ങളിൽ കിട്ടുന്ന വിലയേക്കാൾ കുറച്ച് വിൽക്കാൻ പ്രയാസമാണെന്നു പറഞ്ഞു. സഹകരണസംഘങ്ങൾക്ക് കിട്ടുന്ന തൊണ്ടുകൊണ്ട് കയർ സഹകരണസംഘങ്ങൾക്ക് ന്യായമായവിലയ്ക്ക് വിൽക്കാനുള്ള നിർദ്ദേശം കൊടുത്തുകൂടേ? അത് അംഗീകരിച്ചില്ലെങ്കിൽ നടപടിസ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. ബേബിജോൺ: ഏതുനിയമവും നടപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമ്പോൾ പൊതുവായ സഹകരണം ആവശ്യപ്പെടുന്നുണ്ട്. ഈ നിയമം നടപ്പാക്കുന്നതിന് നിയമപരമായ നടപടി എടുക്കുന്നതിനു പുറമേ സഹകരണപ്രസ്ഥാനത്തിന്റെ സഹകരണം ആവശ്യമാണ്. അവർ പ്രായോഗികബുദ്ധിമുട്ടിനെപ്പററി പറഞ്ഞു. അവരുടെ പ്രദേശത്തുതന്നെ മററു ആളുകൾക്ക് ഇത് കൂടുതൽ വിലകിട്ടുമ്പോൾ കുറഞ്ഞവിലയ്ക്ക് കൊടുക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിലും നിയമത്തിനെതിരായി പ്രവർത്തിക്കരുതെന്നും ഗവൺമെന്റുമായി ഈ സംരംഭത്തിൽ സഹകരിക്കണമെന്നും അവരോടു പറഞ്ഞിട്ടുണ്ട്. ചില സംഘങ്ങൾ പരീക്ഷണാർത്ഥം അത് നടത്തുകയും ചെയ്യുന്നുണ്ട്.

വിദ്യാർത്ഥി സംഘട്ടനങ്ങൾ

* 756 [823] ശ്രീ. ററി. എച്ച്. മുസ്തഫ:
,, കെ. എസ്. നാരായണൻ നമ്പൂതിരി:
,, തെന്നല ബാലകൃഷ്ണപിള്ള:
,, കെ. രാഘവൻ മാസ്റ്റർ:
,, തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള:
ഡോ: കെ. ജി. അടിയോടി:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജുകളിൽ വിദ്യാർത്ഥിസംഘട്ടനങ്ങൾ ധാരാളമായി ഉണ്ടാകുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നതിന്റെ കാരണങ്ങൾ എന്താണെന്ന് അന്വേഷിച്ചിട്ടുണ്ടോ;

(സി) കഴിഞ്ഞ വിദ്യാലയവർഷാരംഭത്തിനുശേഷം കോളേജുകളിൽ മൊത്തം എത്ര സംഘട്ടനങ്ങൾ നടന്നു?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) ചില സംഘട്ടനങ്ങൾ നടന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി, സി) വിവരം ശേഖരിച്ചു വരുന്നു.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: കോളേജുകളിൽ സംഘർഷം ഇല്ലാതാക്കുന്ന പരിതഃസ്ഥിതി ഉളവാക്കാൻവേണ്ടി എന്തെങ്കിലും കാര്യങ്ങൾ പുതിയതായി നടപ്പിൽവരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ? തിരഞ്ഞെടുപ്പുസമ്പ്രദായം പരിഷ്കരിക്കുന്നതുകൊണ്ട് ഗുണമുണ്ടാകുമോ?

ശ്രീ. സി.എച്ച്.മുഹമ്മദുകോയ: രണ്ടോമൂന്നോ കോളേജുകളിലാണ് സംഘർഷം ഉണ്ടായതായി റിപ്പോർട്ട് ഉണ്ടായിട്ടുള്ളത്. തിരഞ്ഞെടുപ്പു സമ്പ്രദായം മാറുന്നതുകൊണ്ട് സംഘർഷം ഇല്ലാതാകുമെന്ന് ഗവൺമെന്റ് വിചാരിക്കുന്നില്ല.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: 1974-ൽ ഈ രാജ്യത്തെ സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ് സർവ്വേ നടത്തിയപ്പോൾ കോളേജുകളിൽ പതിനഞ്ചുശതമാനം കുട്ടികളാണ് കുഴപ്പമുണ്ടാക്കുന്നതെന്നും 85 ശതമാനം കുട്ടികളും പഠിക്കാൻ ആഗ്രഹിക്കുന്നവരാണെന്നും തെളിഞ്ഞിരിക്കുന്നു. അതിന്റെയടിസ്ഥാനത്തിൽ 85 ശതമാനം കുട്ടികൾക്ക് പഠിക്കാൻ വേണ്ട സൗകര്യം ചെയ്തുകൊടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പതിനഞ്ചുശതമാനം വിദ്യാർത്ഥികൾ വിചാരിച്ചാൽ കോളേജിൽ കുഴപ്പമുണ്ടാക്കാൻ കഴിയും. എങ്ങനെ തടയാൻകഴിയുമെന്നുള്ളതിന് റെഡിമെയ്ഡ് സൊലൂഷനൊന്നും ഗവൺമെന്റിന്റെ പക്കലില്ല.

ശ്രീ. പി. സി. ജോസഫ്: 1970-75 കാലഘട്ടത്തിൽ ഉണ്ടായിരുന്ന സംഘട്ടനങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ ഇന്ന് സംഘട്ടനങ്ങളേ നടക്കുന്നില്ലെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ഒറ്റപ്പെട്ട വല്ല സംഭവങ്ങളും വല്ല സ്ഥലത്തും ഉണ്ടെങ്കിൽ അത് പെരുപ്പിച്ച് കാണിക്കുന്നത് ശരിയല്ലെന്ന അഭിപ്രായം ഗവൺമെന്റിന് ഉണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സംഘട്ടനങ്ങൾ താരതമ്യേന കുറവാണ്. പെരുപ്പിച്ച് കാണിക്കുന്നത് ശരിയാണോ തെറ്റാണോയെന്ന് [illegible]

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. തങ്കപ്പൻപിള്ള: പല സംഭവങ്ങളും കോളേജിനകത്തു വച്ച് നടക്കുന്നുണ്ടെന്നുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? പ്രിൻസിപ്പലും സ്റ്റാഫും നോക്കിനിൽക്കവേതന്നെ വിദ്യാർത്ഥി മറെറാരു വിദ്യാർത്ഥിയെ കൊലപ്പെടുത്തിയിട്ടുള്ള സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. അതേക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ? അതിന് എന്തെങ്കിലും പരിഹാരം നിർദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഈ മാതിരി പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കാൻ പററുകയില്ല. അങ്ങനെയുള്ള സംഭവങ്ങൾ ഇല്ലാതാക്കാൻ ശ്രമിക്കാമെന്നല്ലാതെ അതിനൊരു പരിഹാരമാർഗ്ഗം ആർക്കും നിർദ്ദേശിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല.

ശ്രീ. പി. ബാലൻ: 1975-ലെക്കാൾ 1978-ൽ കോളേജുകളിൽ സംഘട്ടനങ്ങൾ കുറവാണെന്നു പറഞ്ഞു. 1975-ൽ കോളേജുകളിൽ എത്ര സംഘട്ടനങ്ങളുണ്ടായി 1978-ൽ എത്ര സംഘട്ടനങ്ങളുണ്ടായി എന്നു പറയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സംഘട്ടനം താരതമേന്യ കുറവാണ്. അതിന്റെ കണക്കെടുത്തിട്ടില്ല. കുറവാണ് അതുകൊണ്ട് കൂട്ടണം എന്നുള്ള അർത്ഥത്തിലല്ല പറഞ്ഞത്. സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറിന്റെ കണക്കുപ്രകാരം താരതമ്യേന കുറവാണ്.

ശ്രീ. ടി. എം. ജേക്കബ്: വിദ്യാലയങ്ങളിൽ ഉണ്ടാകുന്ന സംഘർഷാവസ്ഥ ഇല്ലാതാക്കാൻവേണ്ടി വിദ്യാർത്ഥിസംഘടനകളുടെ നേതാക്കളെ വിളിച്ച് ഗവൺമെൻറ് ചർച്ചചെയ്യുന്ന ഒരു സമ്പ്രദായമുണ്ടായിരുന്നു. ഇപ്പോൾ അത് നടത്തുന്നില്ലെന്നാണ് മനസ്സിലാകുന്നത്. വല്ലപ്പോഴും വിദ്യാർത്ഥി സംഘടനകളെവിളിച്ച് ചർച്ചചെയ്യാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ചർച്ചചെയ്യുന്നത് എപ്പോഴും നല്ലതാണ്. ചർച്ചചെയ്തകാലത്ത് സംഘട്ടനങ്ങൾ കൂടുതലും ചർച്ച ചെയ്യാതിരുന്ന കാലത്ത് കുറവുമാണ് ഉണ്ടായിട്ടുള്ളത്. ചർച്ചകൊണ്ട് സംഘട്ടനം തീരെ ഇല്ലാതാകുമെന്ന വിശ്വാസം ഗവൺമെൻറിനില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: രാജനെ കുത്തിക്കൊന്നത് കോളേജിനകത്തുവച്ചായിരുന്നു. കൊലപാതകം നടത്തിയിട്ടുള്ള ആളുകൾ പുറത്തു വന്ന് ഇപ്പോഴും വിദ്യാർത്ഥികളെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നു എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? വിദ്യാർത്ഥികൾക്ക് സൈരമായി പഠിക്കാനുള്ള അന്തരീക്ഷം ഉണ്ടാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: വിദ്യാർത്ഥികളെ ഭീഷണിപ്പെടുത്തുന്നതായി ശ്രദ്ധയിൽപെടുത്തിയാൽ അതിനെതിരായി നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എൻ. പി. മൊയ്തീൻ: പുറമേനിന്നുള്ള ആളുകളുടെ ഇടപെടലാണ് കോളേജുകളിലും ഹൈസ്കൂളുകളിലും സംഘർഷത്തിനും കുഴപ്പങ്ങൾക്കും കാരണമെന്നു പറയുന്നത് ശരിയാണോ? അങ്ങനെയാണെങ്കിൽ പുറമേനിന്ന് കോളേജുകളിലും ഹൈസ്കൂളിലും കടന്നുവന്ന് കുഴപ്പമുണ്ടാക്കുന്നവരുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: കോളേജുകളിൽ പുറമേനിന്നുള്ള ആരും പ്രവേശിക്കാൻ പാടില്ലെന്ന നിബന്ധന ഉണ്ടാക്കാനോ കോളേജുകളും തോറും കാവൽ ഏർപ്പെടുത്താനോ കഴിയുകയില്ല. പുറമേനിന്നുള്ള ആളുകൾ കുഴപ്പമുണ്ടാക്കുകയാണെങ്കിൽ അതിനെ ഗവൺമെൻറ് നിരുൽസാഹപ്പെടുത്തുന്നതാണ്.

ശ്രീ. വി. ജെ. ജോസഫ്: വിദ്യാർത്ഥി സംഘട്ടനങ്ങളോടനുബന്ധിച്ച് കേസ് ചാർജ് ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്ര കേസ് നിലവിലുണ്ടെന്നു പറയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പ്രത്യേക നോട്ടീസ് വേണം.

ശ്രീ. എം. വി. രാഘവൻ: ബി, സി എന്നിവയുടെ ഉത്തരമായി സംഘട്ടനങ്ങളെപ്പറ്റി വിവരം ശേഖരിച്ചുവരികയാണ് എന്നാണ് പറഞ്ഞത്. പിന്നെ ഇപ്പോൾ സംഘട്ടനം കുറവാണെന്ന് എങ്ങനെയാണ് മന്ത്രി പറഞ്ഞത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സംഘട്ടനങ്ങളുടെ എണ്ണം ശേഖരിക്കാതെതന്നെ താരതമ്യേന കുറവാണെന്നു പറയാം.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: ഇന്നത്തെ തിരഞ്ഞെടുപ്പുകൾ സംഘട്ടനത്തിന് കൂടുതൽ വഴിതെളിക്കുന്നുവെന്നുള്ളതു പരിഗണിച്ച് സംഘട്ടനമുണ്ടാകാത്ത രൂപത്തിൽ എന്തെങ്കിലും തിരഞ്ഞെടുപ്പുമാർഗ്ഗം കണ്ടുപിടിക്കാൻ ശ്രമിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: തെരഞ്ഞെടുപ്പ് ഉപേക്ഷിക്കാൻ ഏതായാലും നിവൃത്തിയില്ല. തെരഞ്ഞെടുപ്പു സമ്പ്രദായത്തിൽ മാറ്റം വരുത്തുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കാം.

ശ്രീ. കെ. പി. നൂറുദ്ദീൻ: വിദ്യാലയങ്ങളിൽ സംഘട്ടനങ്ങളും മൃത്യു കൊലപാതകത്തിൽ എത്തിയസംഭവം ഉണ്ടായിട്ടുണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി. വിദ്യാർത്ഥികളും അതുപോലെ തന്നെ കോളേജുവളപ്പിനകത്ത് പുറമേനിന്ന് പ്രവേശിക്കുന്നവരും മാരകായുധങ്ങളും കൊണ്ടു പ്രവേശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? മാരകായുധങ്ങളുംകൊണ്ട് പ്രവേശിക്കുന്നതിനെ കർശനമായി തടയാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: മാരകായുധങ്ങളുമായി പ്രവേശിക്കുന്നുവെന്ന് പ്രഖ്യാപിച്ചുകൊണ്ടല്ല അവർ പ്രവേശിക്കുന്നത്. മാരകായുധങ്ങളും കൊണ്ടുപോകാൻ പാടില്ലെന്ന നിബന്ധന ഇതൊന്നുമില്ലാതെതന്നെ നിയമത്തിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. നീലലോഹിതദാസൻ നാടാർ : വിദ്യാർത്ഥി സംഘടനകളുടെ പ്രവർത്തനംമൂലവും കോളേജ് യൂണിയനുകളുടെ തിരഞ്ഞെടുപ്പു മൂലവുമാണ് ഈ സംഘട്ടനങ്ങൾ നടക്കുന്നത് എന്നത് ചില തൽപ്പരകക്ഷികളുടെ പ്രചരണം മാത്രമാണെന്നും വിദ്യാർത്ഥി സംഘടനകൾ പ്രവർത്തനം നടത്താത്ത പല സ്ഥലങ്ങളിലും ഇത്തരം സംഘട്ടനങ്ങൾ നടക്കുന്നതായും അറിയാമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: വിദ്യാർത്ഥി സംഘടനകളുടെ പ്രവർത്തനംകൊണ്ടാണ് കോളേജുകളിൽ സംഘട്ടനം ഉണ്ടാകുന്നതെന്ന് പറഞ്ഞിട്ടില്ല. തിരഞ്ഞെടുപ്പുകൾ മൂലമുണ്ടാകുന്ന അനിഷ്ട സംഭവങ്ങൾ ഒഴിവാക്കാൻ തിരഞ്ഞെടുപ്പ് സമ്പ്രദായത്തിൽ എന്തെങ്കിലും മാറ്റം വരുത്തുമോ എന്നാണ് ചോദിച്ചത്.

ശ്രീ. പി.ബി.ആർ. പിള്ള : വിദ്യാർത്ഥികളുടെ ധാർമ്മിക നിലവാരം ഉയർത്തുന്നതിനും അതുവഴി മാനസികമായ വളർച്ച ഉണ്ടാകുന്നതിനും ഉതകുന്നവിധത്തിൽ എന്തെങ്കിലും ഒരു സംവിധാനം ഏർപ്പെടുത്തുകയാണെങ്കിൽ ഈ സംഘട്ടനങ്ങൾക്ക് ഒരു അറുതി വരുമെന്ന് ബഹുമാനപ്പെട്ട മന്ത്രി കരുതുന്നുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: വിദ്യാർത്ഥികളുടെ ധാർമ്മികമായ നിലവാരം ഉയർത്തുന്നതിന് ബഹുമാനപ്പെട്ട മെമ്പർ സമ്മർത്തമായ എന്തെങ്കിലും നിർദ്ദേശം വെച്ചാൽ അനുഗ്രഹമായിരിക്കും.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: വിദ്യാർത്ഥി സംഘട്ടനങ്ങൾ ഇന്ന് ധാരാളമായി നടക്കുന്നുണ്ട്. അതിന്റെ കാരണങ്ങളെക്കുറിച്ച് ശരിയായി അപഗ്രഥിക്കാൻ സാധിക്കുന്നില്ല. എന്തുകൊണ്ടാണ് ഈ സംഘട്ടനങ്ങൾ നടക്കുന്നതെന്നും അതിന് പരിഹാരം കാണുന്നതിനുമായി ഒരു പരിശോധന നടത്തുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അങ്ങനെയൊരു പരിശോധന നടത്തുന്ന വിധത്തിൽ വ്യാപകമായ വിദ്യാർത്ഥി സംഘട്ടനം സ്റ്റേറ്റിൽ ഉണ്ടെന്ന് കരുതുന്നില്ല.

ശ്രീ. പി. സിറിയക്ക് ജോൺ: ഈ സംഘട്ടനങ്ങളൊക്കെ രാഷ്ട്രീയ പ്രേരിതമാണെന്നും അതേയവസരത്തിൽ വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം കക്ഷിരാഷ്ട്രീയത്തിന്റെ അതിപ്രസരം കൊണ്ടാണ് ഇതൊക്കെ സംഭവിക്കുന്നത് എന്നുള്ളതും കണക്കിലെടുത്തുകൊണ്ട് രാഷ്ട്രീയത്തെ സംബന്ധിച്ചിടത്തോളം വേണ്ടത്ര പരിജ്ഞാനമില്ലാത്തതുകൊണ്ട് അടിസ്ഥാനപരമായി പ്രൈമറി വിദ്യാഭ്യാസകാലംമുതൽ രാഷ്ട്രീയ വിദ്യാഭ്യാസം നൽകുന്നതിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: രാഷ്ട്രീയ വിദ്യാഭ്യാസം നൽകണമെന്നു പറയുന്നത് ഉഷ്ണം ഉഷ്ണേന ശാന്തിഃ എന്നുപറഞ്ഞതുപോലെയായിരിക്കും. അത് ശരിയായി പരിശോധിച്ചേ പറയാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പിണറായി വിജയൻ: വിദ്യാർത്ഥി സംഘട്ടനങ്ങളും ചിലപ്പോൾ കൊലവരെ എത്തുന്നുണ്ട്. അങ്ങനെ പ്രിൻസിപ്പാളിന്റെ മുമ്പിൽ വെച്ച് കൊല നടത്തുന്നവർക്ക് തുടർന്നു പഠിക്കാനുള്ള സാഹചര്യം ഉണ്ടാക്കണമെന്നാണോ കരുതുന്നത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അങ്ങനെ കരുതുന്നില്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ: 1970-75 കാലഘട്ടത്തിൽ വിദ്യാർത്ഥി സംഘട്ടനങ്ങൾക്ക് നേതൃത്വം നൽകിയിരുന്ന വിദ്യാർത്ഥി നേതാക്കന്മാരെല്ലാം നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതുകൊണ്ട് ഇപ്പോൾ സംഘട്ടനം കുറവാണെന്ന വസ്തുത കണക്കിലെടുത്തുകൊണ്ട് കൂടുതൽ വിദ്യാർത്ഥി നേതാക്കന്മാരെ നിയമസഭയിലേക്ക് സ്ഥാനാർത്ഥികളാക്കാൻ ശ്രമിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അങ്ങനെയാണെങ്കിൽ സംഘട്ടനം നിയമസഭയിലും ഉണ്ടാകേണ്ടതാണ്.

ശ്രീ. എ. വി. താമരാക്ഷൻ: കോളേജുകളിലുണ്ടാകുന്ന വിദ്യാർത്ഥി സംഘട്ടനങ്ങളും പലപ്പോഴും പുറമെനിന്നുള്ള ആളുകളുടെ ഇടപെടലുകളുംകൊണ്ടാണ് ഉണ്ടാകുന്നതെന്നുള്ള വസ്തുത കണക്കിലെടുത്തുകൊണ്ട് കോളേജുകളിൽ പുറമെനിന്നുള്ള ആളുകളും കേറാതിരിക്കുന്നതിനുവേണ്ടി കുട്ടികൾക്ക് ഐഡന്റിഫിക്കേഷൻ കാർഡ് ഏർപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അങ്ങനെ ഏർപ്പെടുത്തുന്നതിന് പ്രയാസമുണ്ട്.

ശ്രീ. പി. കരുണാകരൻ: സമൂഹത്തിൽ നിലനിൽക്കുന്ന പ്രത്യേകതകളുടെ പ്രതിഫലനമല്ലേ ഇതൊക്കെ? അടിയന്തിരാവസ്ഥക്കാലത്ത് രാജനെ കൊലപ്പെടുത്തി. ഇതുപോലുള്ള സംഭവങ്ങളും സമൂഹത്തിൽ നിലനിൽക്കുന്നതല്ലേ വിദ്യാർത്ഥി സംഘട്ടനത്തിന് കാരണങ്ങളും?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സമൂഹം അത്ര മോശമാണെന്ന് ഗവൺമെന്റ് കരുതുന്നില്ല.

അനൗപചാരിക വിദ്യാഭ്യാസ വികസന സമിതി

*757 [824] ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്:

,, എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അനൗപചാരിക വിദ്യാഭ്യാസ വികസന സമിതി (കാൻഫെഡ്) യുടെ ഫൈനാൻസിങ്ങ് ആരാണ് നിർവ്വഹിക്കുന്നത്;

(ബി) സംസ്ഥാന ഗവൺമെന്റിന് ഇതിന്റെ നടത്തിപ്പിൽ ഉള്ള പങ്കും നിയന്ത്രണവും എന്തൊക്കെയാണ്;

(സി) ഇതിന്റെ വരവുചെലവ് കണക്കുകൾ കാലാകാലങ്ങളിൽ പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly